**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1370** **03-02-2026 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിൽ ടൂറിസം വകുപ്പിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വികസന പ്രവൃത്തികൾക്കായി ടൂറിസം വകുപ്പിന്റെ നിർവ്വഹണ ചുമതലയിൽ 2025-26 വർഷത്തെ ബജറ്റിൽ അനുവദിച്ചിട്ടുള്ള തുക വിനിയോഗിച്ച് നടപ്പിലാക്കേണ്ട തുടർപ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | 2025-26 വർഷത്തെ ബജറ്റിൽ ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വികസനത്തിനായി മൂന്നു പദ്ധതികളാണ് അനുവദിച്ചിട്ടുള്ളത്. പദ്ധതികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.<br><br>**1. ആദിച്ചനല്ലൂർ ചിറ ടൂറിസം പദ്ധതി** – 1.5 കോടി രൂപയുടെ DPR തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>**2. പരവൂർ പൊഴിക്കര ടൂറിസം പദ്ധതി-** പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കി വരുന്നു.<br><br>3. **കല്ലുവാതുക്കൽ പാറ ടൂറിസം പദ്ധതി-** 07-08-2025 ൽ ബഹു. MLA യുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഈ പദ്ധതി റദ്ദാക്കാൻ തീരുമാനിച്ചു. |
| (ബി) | പരവൂർ പൊഴിക്കര ടൂറിസം പദ്ധതിയുടെ ഭാഗമായി വാച്ച് ടവർ നിർമ്മിക്കുന്നതിനുള്ള സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കുന്നത് സംബന്ധിച്ച വർക്ക് ഓർഡർ, മുൻകൂർ തുക എന്നീ കാര്യങ്ങൾക്കായി നിലവിൽ സ്വീകരിച്ചിട്ടുള്ള തീരുമാനങ്ങൾ എന്തൊക്കെയാണെന്നും ഇതിൽ നേരിടുന്ന കാലതാമസത്തിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ? | (ബി) | പരവൂർ പൊഴിക്കര ടൂറിസം പദ്ധതിയുടെ ഭാഗമായി വാച്ച് ടവർ നിർമ്മിക്കുന്നതിനുള്ള സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിന് ഇറിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്താൻ തീരുമാനിക്കുകയും പ്രസ്തുത പ്രവർത്തിയ്ക്കായി ഭരണാനുമതി ലഭ്യമാക്കി മുൻകൂർ തുക നൽകാൻ നടപടി സ്വീകരിച്ച് വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ